## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3902** — **31-01-2014 ലെ മറുപടിയ്ക്ക്**

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം. ഹംസ :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് നിരവധി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് ബാങ്കിംഗ് റഗുലേഷൻ ആക്ട്, കേരള മണിലെൻഡേഴ്സ് ആക്ട്, ചിട്ടി ആക്ട് മുതലായ നിയമങ്ങൾ മുഖേനയാണ്. ടി നിയമങ്ങൾ പ്രകാരം ച്ുമതലപ്പെട്ട അധികാരികളും പോലീസും പ്രസ്തുത നിയമങ്ങളുടെ ലംഘനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരള മണി ലെൻഡേഴ്സ് ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മണി ലെൻഡർമാർ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ വാണിജ്യ നികുതി വകുപ്പ് കർശന നപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന പോലീസ് വകുപ്പും ഇത്തരം പണമിടപാട് സ്ഥാപനങ്ങൾ നിയമപരമായ ലൈസൻസോടുകൂടിയാണോ പ്രവർത്തിക്കുന്നത് എന്ന് പരിശോധിക്കുകയും അമിത പലിശ വാങ്ങുകയോ ഇടപാടുകാരെ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കേരള മണിലെൻഡേഴ്സ് ആക്ട് പ്രകാരം കേസ്സ് രജിസ്റ്റർചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പോലീസ് ഇവയുടെ പ്രവർത്തനം നിരീക്ഷിച്ചും സംശയമുള്ള സ്ഥാപനങ്ങളിൽ റെയ്ഡുകളും മറ്റും നടത്തിയും പരാതി ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തിയും നിയമാനുസരണമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലകളിലും പോലീസ് ഇക്കാര്യത്തിൽ വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി കേരള പ്രൊട്ടക്ഷൻ ഓഫ് ഇൻ |
| ബി) ഇത്തരം പണമിടപാട് സ്ഥാപനങ്ങളെ ഏതെല്ലാം രീതിയിലാണ് നിയന്ത്രിച്ചുവരുന്നത് ; | | |

റസ്റ്റ്സ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ് മെന്റ്സ്) എന്ന സമഗ്ര നിയമം രൂപകല്പന ചെയ്ത് ഇൻഡ്യൻ പ്രസിഡന്റിന്റെ സമ്മതത്തിനായി അയച്ചിരിക്കുകയാണ്. കേരള സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും, പണം കടം കൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതുമായ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്റ്റ് - 2012 എന്ന നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമെ വ്യാജ പണമിടപാട് പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം കൈമാറുന്നതിനും, കേന്ദ്ര സംസ്ഥാന സർക്കാർ ഏജൻസികൾക്കിടയിൽ നിയന്ത്രണ മേൽ_നോട്ട സഹകരണം ശക്തിപ്പെടുത്തുന്നതിനും വേണ്ടി സെബിയുടെ ദക്ഷിണ റീജിയണൽ മാനേജർ, കേന്ദ്ര കമ്പനികാര്യ വകുപ്പിന്റെ ഒരു പ്രതിനിധി, വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ / നോമിനി, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ, സംസ്ഥാന ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | പ്രസ്തുത സ്ഥാപനങ്ങൾ സ്വർണ്ണ പണയ വായ്പയ്ക്ക് അമിത പലിശ ഈടാക്കുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടിയാണ് അത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന മണിലെൻഡേഴ്സ് ആക്റ്റ്, 1958-ലെ സെക്ഷൻ 7(1) പ്രകാരം ഒരു മണിലെൻഡറും ഒരു ലോണിനും കമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശ നിരക്കിൽ നിന്നും രണ്ട് ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. ടി വകുപ്പിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ കേരള മണി ലെൻഡേഴ്സ് ആക്റ്റിലെ സെക്ഷൻ 18 ഡി പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന പോലീസ് വകുപ്പും, |

ഇത്തരം ചില സ്ഥാപനങ്ങൾ സ്വർണ്ണപ്പണയ വായ്പയ്ക്ക് അമിത പലിശ ഈടാക്കുന്നതിനെക്കുറിച്ച് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുകയും സ്ഥാപനങ്ങളിൽ ഓപ്പറേഷൻ ബ്ലേഡ്, ഓപ്പറേഷൻ കുബേര എന്നീ പേരുകളിൽ റെയിഡുകൾ നടത്തുകയും ഈടായി വാങ്ങിയ രേഖകൾ പിടിച്ചെടുക്കുകയും ചെയ്ത് കേരള മണിലെൻഡേഴ്സ് ആക്ട്, കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ട് - 2012 എന്നിവ പ്രകാരം കേസ്സുകൾ രജിസ്റ്റർചെയ്ത് കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത സ്ഥാപനങ്ങളിൽ വില്പന നികുതി വിഭാഗം നടത്തിയ റെയിഡിൽ വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളമൊട്ടാകെ 73 ഇടങ്ങളിൽ വാണിജ്യ നികുതി വകുപ്പ് പരിശോധന നടത്തുകയുണ്ടായി. ഇവയിലെല്ലാം തന്നെ രേഖകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. അമിത പലിശ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ കേരള മണിലെൻഡേഴ്സ് ആക്ടിലെ സെക്ഷൻ 18 ഡി അനുശാസിക്കുന്ന പ്രകാരമുള്ള പെനാൽറ്റി ഈടാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ